# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/34/2018 2018 ഫെബ്രുവരി 16

## <u>പത്രക്കുറിപ്പ്</u>

**<u>അപേക്ഷാ തീയതി</u>**

രണ്ടാം സെമസ്റ്റർ എം.എസ്.സി. മോളിക്യുലാർ ബയോളജി ആന്റ് ജെനറ്റിക്ക് എഞ്ചിനീയറിംഗ് പരീക്ഷ ഫെബ്രുവരി 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം.

**<u>വൈവാവോസി</u>**

2017 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ – റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ വൈവാവോസി മാർച്ച് 1 മുതൽ 3 വരെ തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനിൽ വച്ച് നടത്തും. ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളും ഈ കേന്ദ്രത്തിൽ വൈവാവോസിക്ക് ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>എം.ഫിൽ സംവരണ സീറ്റൊഴിവ്</u>**

സ്കൂൾ ഓഫ് ബയോസയൻസസിൽ എം.ഫിൽ ബയോസയൻസ് കോഴ്സിൽ പട്ടികവർഗ്ഗ സംവരണത്തിൽ ഒരു സീറ്റൊഴിവുണ്ട്. എം.എസ്.സി. ബയോഫിസിക്സ്/മൈക്രോ ബയോളജി/ബയോടെക്നോളജി/ബയോകെമിസ്ട്രി എന്നിവയിലേതെങ്കിലുമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 20ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസ് ഡയറക്ടർ മുമ്പാകെ ഹാജരാകണം. ഫോൺ: 0481 – 2731035.

**<u>പരീക്ഷാഫലം</u>**

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. കഥകളിവേഷം, മദ്ദളം (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**